## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1441 06.03.2020-ൽ മറുപടിയ്ക്ക്

## പ്രകൃതിദുരന്തങ്ങൾ നേരിടാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br><br>ശ്രീ.എം.സ്വരാജ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനും അതിജീവിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; | (എ)<br>&<br>(ബി) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. 2020-21 ലെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനൊപ്പം തന്നെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ കൂടി തയ്യാറാക്കണമെന്ന് 04.12.2019 ലെ സ.ഉ.(കൈ) നം.156/2019/തസ്വഭവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ പരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശിക ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലോക്കൽ റിസ്സോഴ്സ് ഗ്രൂപ്പും (LRG), അടിയന്തര പ്രതികരണ ടീമും (ERT) രൂപീകരിച്ചു വരുന്നു. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി കില മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 5 ഘട്ട പരിശീലനം നൽകിയിട്ടുണ്ട്. 2020-21 വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭയിൽ ദുരന്ത നിവാരണം പ്രത്യേകമായി ചർച്ച ചെയ്യണമെന്നും, ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യുന്നതിനായി പ്രത്യേക വികസന സെമിനാർ ചേരേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ